**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **02-08-2021 - ൽ മറുപടിയ്ക്ക്**

**വളക്കൈ - കൊയ്യം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡ് നവീകരണ പദ്ധതി പരിഗണയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വളക്കൈ-കൊയ്യം റോഡ് നവീകരണത്തിനായി 2020-21 ബഡ്ജറ്റിൽ 11 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം 11 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുകയും അത് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. പുതുക്കിയ പ്രൊപ്പോസൽ പരിശോധന ഘട്ടത്തിലാണ്. |
| (ബി) | കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും പ്രസ്തുത റോഡ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | വളക്കൈ-കൊയ്യം റോഡ് നവീകരണത്തിനായി 2020-21 ബഡ്ജറ്റിൽ 11 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം 11 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുകയും അത് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. പുതുക്കിയ പ്രൊപ്പോസൽ പരിശോധന ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത റോഡ് നവീകരണത്തിനായുള്ള പൊതുജനങ്ങളുടെ പരാതികൾ, സമരങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | റോഡിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ? | (ഡി) | പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ